# ഹോർഡിങ്ങ് സിറ്റി

ബിജു. എസ്. ബാലൻ

ചെന്നൈ നഗരം ഉറങ്ങാറില്ലേ? സംശയമാണ്. സൂര്യൻ അസ്തമിക്കും എന്ന് ഉറപ്പാവുന്നതിന് മുൻപ് ഉണരുന്ന വിളക്കുകൾ നഗരത്തിനെ ഇരുട്ടിൽ നിന്ന് രക്ഷിക്കുന്നു. മെട്രോ നഗരങ്ങളുടെ മാത്രം സവിശേഷതയായ നൈറ്റ് ലൈഫ് എന്ന ഓമനപ്പേരിലുള്ള ഉറങ്ങാത്ത രാത്രികൾ. പക്ഷെ ഇന്ത്യയിലെ മറ്റ് മെട്രോനഗരങ്ങളായ മുംബൈ, ഡെൽഹി, കൊൽക്കത്ത എന്നിവിടങ്ങളിലെ നൈറ്റ് ലൈഫിന് നിന്നും ചെന്നൈ നഗരത്തിനെ വ്യത്യസ്തമാക്കുന്ന ഒന്നുണ്ട്. കൂറ്റൻ പരസ്യപ്പലകകളായ ഹോർഡിങ്ങുകൾ.

കട്ടൗട്ടുകളും നാഷണൽ ഹൈവേകളിലെ ചെറിയ ഹോർഡിംഗുകളും കണ്ടു ശീലിച്ച അന്യദേശക്കാരെ സ്വപ്നലോകത്തിലെത്തിച്ചതിനു തുല്യമാക്കുന്ന ഒന്നാണ് രാത്രിയിലെ ഈ പരസ്യകാഴ്ചകൾ. ഭഗവദ്ഗീതാ പ്രഭാഷണം മുതൽ ഡിസ്കവറി ചാനലിലെ ഒന്നോ രണ്ടോ ദിവസത്തെ പരിപാടികൾക്ക് വേണ്ടിയുള്ള പരസ്യങ്ങൾ വരെ അതിമനോഹരമായ വർണ്ണചിത്രങ്ങൾക്ക് സൂക്ഷ്മമായ പ്രകാശക്രമീകരണങ്ങളിലൂടേയും രാത്രിയിൽ ജ്വലിച്ചുനിൽക്കുന്നു.

ഒട്ടുമുക്കാൽ ഹോർഡിംഗുകളും രണ്ടാഴ്ചകൂടുമ്പോൾ മാറുന്നു. കൂടുതൽ വ്യത്യസ്തമായ ദൃശ്യവിരുന്നുമായി. ട്രാഫിക് സിഗ്നലുകൾ, വളവുകൾ, തിരക്കുള്ള റോഡുകൾ എന്നീ പീക്ക് പോയന്റുകൾ തെരഞ്ഞെടുത്ത് സ്ഥാപിച്ചിരിക്കുന്ന ഈ പരസ്യങ്ങൾ ഓട്ടോ, ബസ് യാത്രക്കാർക്ക് കൃത്യം കണ്ണിൽപ്പെടുന്ന വിധത്തിലാണ് ഉയർന്നു നിൽക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ രാത്രി ചെന്നൈ നഗരത്തിലൂടെ യാത്ര ചെയ്യുന്നവർക്ക് പരസ്യം കാണാതിരിക്കണമെങ്കിൽ കണ്ണടച്ചിരിക്കണം.

പരസ്യങ്ങൾ കൺസ്യൂമറിസത്തിന്റെ ഒഴിച്ചുകൂടാനാവാത്ത കണ്ണിയാണെന്ന വാദം അറിഞ്ഞു കൊണ്ടു തന്നെ മാറ്റിവെച്ചാൽ മെട്രോ നഗരം വിരൽ ചൂണ്ടുന്ന മറ്റൊരു സാമൂഹ്യ അവസ്ഥയുടെ അളവു കോലാണ് ഹോർഡിങ്ങുകൾ.

സങ്കീർണ്ണമായ മെട്രോ സംസ്കാരത്തിനെ ഹോർഡിങ്ങ് എന്ന അളവു കോൽ വെച്ച് പരിശോധിച്ചാൽ രണ്ട് സാമൂഹ്യധാരകളെ കൃത്യമായി വേർതിരിച്ചെടുക്കാം. ഹോർഡിങ്ങുകളിലെ മായാലോകം കാണുന്നവരും, ഹോർഡിംഗുകൾ ശ്രദ്ധിക്കാതെ അതിനു താഴെയുള്ള വൃത്തികെട്ട അഴുക്കുചാലുകൾ, ചവർക്കൂമ്പാരങ്ങൾ, മുഷിഞ്ഞു ചുരുണ്ടുകൂടി കിടക്കുന്ന മനുഷ്യർ എന്നിവയെ കാണുന്നവരും. പക്ഷെ മുംബൈയിലെ ധാരാവിക്കും, കൊൽക്കത്തയിലെ ചേരികൾക്കും തൊട്ടുപിന്നിൽ നിൽക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ ചേരി വ്യാസർപടി ജീവയാണെന്ന് എത്ര പേർക്കറിയാം? (ഇത് വർഷങ്ങളോളമായി ഇവിടെ ജീവിക്കുന്ന മലയാളികൾക്ക് അറിയില്ല. പക്ഷെ, സെൻട്രൽ സ്റ്റേഷൻ എത്തുന്നതിനു മുൻപ് 'മൂക്കുപൊത്തേണ്ട സ്ഥലം' എന്നു പറ

**ചെന്നൈ വിശേഷം**

ഞ്ഞാൽ ഒരു പക്ഷെ അറിയാം)

അതെ, ഹോർഡിംഗുകൾ എല്ലാം മറക്കുവാൻ പ്രേരിപ്പിക്കുന്ന മായികലോകത്തേക്ക് എത്തിക്കുന്നതിനോടൊപ്പം എല്ലാം മറയ്ക്കുവാനും സഹായിക്കുന്നു. മാറുന്ന ചെന്നൈ നഗരത്തിനെ ഹോർഡിങ്ങുകൾ വെളിച്ചം കൊടുക്കുമ്പോൾ, ഇരുട്ട് മറയുന്നു, കറുത്ത നിറമുള്ള നഗരജീവിതവും മറയുന്നു. ഹോർഡിങ്ങുകൾക്ക് വെളിച്ചം നൽകുന്നത് രാഷ്ട്രീയവും സംസ്കാരവും കൂടിയായ ആവശ്യമാണ്.

ഒരു കാലത്ത് മലയാള സാഹിത്യത്തിലും പഠനങ്ങളിലും നിറഞ്ഞു നിന്നിരുന്ന വിഷയമാണ് വൻ നഗരങ്ങളുടെ ആൾക്കൂട്ടങ്ങളിൽപ്പെട്ട് സ്വന്തം കഞ്ഞിക്കായി മാത്രം മറ്റു ദേശങ്ങളിൽ നിന്നെത്തിയവർ എത്തിപ്പെട്ടിരിക്കുന്ന സംഭ്രമജനകമായ മാനസികാവസ്ഥ. സ്വന്തം ദുഃഖങ്ങളും, കറുത്ത യാഥാർത്ഥ്യങ്ങളും ചേർന്ന് അന്യവൽക്കരിക്കപ്പെട്ട ഒരു യുവതലമുറ ഇന്ന് മെട്രോനഗരങ്ങളിലുണ്ടോ? ദുഃഖവും, ദേഷ്യവും, നിരാശയും വളർത്തുന്ന കറുത്ത യാഥാർത്ഥ്യങ്ങളിൽ നിന്ന് ആളുകളെ മാറ്റിനിർത്തുന്നതിൽ ഹോർഡിങ്ങുകൾക്കുള്ള പങ്ക് പഠിക്കേണ്ടതു തന്നെയാണ്.

ഒരൽപ്പം : തെരഞ്ഞെടുപ്പിന് ശേഷം തമിഴ്നാട്ടിൽ ഉയർന്ന നന്ദി പോസ്റ്ററുകളിലും കട്ടൗട്ടുകളുടേയും ഇടയിൽ ബീച്ച് റോഡിലുള്ള ഒരു ഹോർഡിങ്ങിൽ "പുരട്ചി തലൈവി വാഴ്ക" എന്ന് കൂറ്റൻ അക്ഷരങ്ങളിൽ എഴുതിയിരിക്കുന്നു. അതിനടുത്തു തന്നെയുള്ള ഹോളിവുഡ് സിനിമയുടെ പരസ്യമായ ദ മമ്മി റിട്ടേൺസ് എന്നത് കൂടി വായിക്കുന്നത് അതിബുദ്ധിയാവുമോ?